**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 378** **27-06-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ, കോളേജ് തലങ്ങളിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സ്കൂൾ, കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ഈ ക്ലബ്ബുകൾ മുഖാന്തിരം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ബോധവൽക്കരണ ക്ലാസുകളും മറ്റ് കലാകായിക പരിപാടികളും സംഘടിപ്പിച്ചു വരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.<br><br>വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമശേഷിയെ ക്രിയാത്മകമായ മറ്റു മേഖലകളിൽ കൂടി വിനിയോഗിക്കുന്നതിനുമായി കലാകായിക പരിശീലനത്തിനുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങളും സ്പോർട്സ് ഉപകരണങ്ങളും മറ്റു അനുബന്ധ പരിശീലന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് "ഉണർവ്" എന്ന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത രംഗത്ത് സേവനമനുഷ്ഠിക്കുന്ന സർക്കാർ അംഗീകരിച്ചിട്ടുള്ളതും സർക്കാർ പ്രോത്സാഹിപ്പിക്കുന്നതുമായ സന്നദ്ധ സംഘടനകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം സംഘടനകളെ | (ബി) | ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് എക്സൈസ് വകുപ്പ് പ്രത്യേകമായി അംഗീകാരം നൽകുന്നില്ല. എന്നിരുന്നാലും ഈ മേഖലയിൽ നല്ല ലക്ഷ്യത്തോട് |

| | | | |
|---|---|---|---|
| | പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | കൂടി പ്രവർത്തിക്കുന്ന സംഘടനകളുമായി ചേർന്ന് വിവിധ പരിപാടികൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ